"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിലെ പാറന്തോടൻ വീടിൽ ശ്രീമതി സക്കീനയെ ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ നിന്നും മാറ്റി, ഭൂമിയുള്ള ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1110/2024/LSGD തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:-
1. വിളയൂർ ഗ്രാമപഞ്ചായത്തിന്റെ 30/10/2023 ലെ സാധാരണ/അടിയന്തിര യോഗത്തിന്റെ 13(1) നമ്പർ തീരുമാനം.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർ ഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ ഖണ്ഡിക 4.18 നമ്പർ തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിലെ പാറന്തോടൻ വീടിൽ ശ്രീമതി. സക്കീന ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ഗുണഭോക്തൃ പട്ടിക വന്നതിനുശേഷം ടിയാരി 5 സെന്റ് ഭൂമി വാങ്ങിയതിനാൽ, വെബ് സൈറ്റിൽ ടിയാരിയെ ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് MIS ഡേറ്റാ എൻട്രിക്കായി സൈറ്റ് തുറന്നു നൽകുന്നതിന് കോഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാമർശം(1) പ്രകാരം വിളയൂർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നു.

2 . വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06/03/2024 ലെ യോഗം ഈ വിഷയം പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമ പഞ്ചായത്തിലെ പാറന്തോടൻ വീടിൽ ശ്രീമതി. സക്കീനയെ ലൈഫ് മിഷൻ ഭൂരഹിത ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ നിന്നും മാറ്റി, ഭൂമിയുള്ള ഭവന രഹിത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്

ശ്രീമതി. സക്കീന, പാറന്തോടൻ വീട്(വിളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 25-06-2024 09:54:04

സെക്ഷൻ ഓഫീസർ